പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6331

08.11..2016-ൽ മറുപടിയ്ക്ക്

## മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ ഐഡന്റിറ്റി കാർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകിയിട്ടുണ്ടോ ; | (എ) | അപേക്ഷ നൽകിയിട്ടുള്ള മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റേയും പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് നിലവിലെ വ്യവസ്ഥകൾ പ്രകാരം ഐഡന്റിറ്റി കാർഡ് നൽകിയിട്ടുണ്ട്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് നൽകിയതിൽ നിന്നും വ്യത്യസ്ഥമായി പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡിൽ പെൻ നമ്പർ രേഖപ്പെടുത്താതെ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് നൽകിയതിൽ നിന്നും വ്യത്യസ്തമായി പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡിൽ പെൻ നമ്പർ രേഖപ്പെടുത്താതെ നൽകിയിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് നൽകിയിരുന്ന അതേ രീതിയിലുള്ള ആഭ്യന്തര വകുപ്പിന്റെ ഐഡന്റിറ്റി കാർഡാണ് (പെൻ നമ്പർ രേഖപ്പെടുത്താത്തത്) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് നിലവിൽ നൽകിയിട്ടുള്ളത്. ടി സ്റ്റാഫംഗങ്ങൾ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ അല്ലാത്തതിനാൽ, ഐഡന്റിറ്റി കാർഡിൽ പെൻ നമ്പർ രേഖപ്പെടുത്താറില്ല. |

(സി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് പെൻ നമ്പർ ഇല്ലാതെ മറ്റ് താൽക്കാലിക ഔദ്യോഗിക സന്ദർശകർക്ക് നൽകുന്നതു പോലെയുള്ള ഐ.ഡി കാർഡാണോ നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റ് സെക്യൂരിറ്റി ഇൻസ്ട്രക്ഷൻസിലെ വ്യവസ്ഥകൾ പ്രകാരമാണ് പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നത്. പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് വകുപ്പ് അദ്ധ്യക്ഷൻമാർ, സർക്കാരിന്റെ കീഴിലുള്ള കമ്പനികൾ / കോർപ്പറേഷനുകൾ / ബോർഡുകൾ / എന്നിവയുടെ എം.ഡിമാർ / ചെയർമാൻമാർ , മുൻസിപ്പൽ കോർപ്പറേഷനിലെ മേയർമാർ , മുൻസിപ്പൽ ചെയർമാൻമാർ , ജില്ലാ കൗൺസിലിലെ ചെയർമാൻമാർ എന്നിവർക്ക് ആഭ്യന്തര വകുപ്പിൽ നിന്നും നൽകുന്ന രീതിയിലുള്ള പെൻ നമ്പർ രേഖപ്പെടുത്താത്തതും, സ്മാർട്ട് അല്ലാത്തതുമായ ജോയിന്റ് സെക്രട്ടറി ഒപ്പിട്ട 5 വർഷത്തെ കാലാവധിയുള്ള ഐഡന്റിറ്റി കാർഡാണ് നിലവിൽ നൽകുന്നത്. എന്നാൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ പെൻ നമ്പരുള്ള സ്റ്റാഫംഗങ്ങൾക്ക് സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് നൽകുന്ന അതേ രീതിയിലുള്ള പെൻ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള സ്മാർട്ട് ഐഡന്റിറ്റി കാർഡാണ് നിലവിൽ നൽകുന്നത്.

മുൻ സർക്കാരിന്റെ കാലത്ത് നൽകിയിരുന്ന അതേ രീതിയിലുള്ള ആഭ്യന്തര വകുപ്പിന്റെ ഐഡന്റിറ്റി കാർഡാണ് (പെൻ നമ്പർ രേഖപ്പെടുത്താത്തത്) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് നിലവിൽ നൽകിയിട്ടുള്ളത്. ടി

സ്റ്റാഫംഗങ്ങൾ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ അല്ലാത്തതിനാൽ, ഐഡന്റിറ്റി കാർഡിൽ പെൻ നമ്പർ രേഖപ്പെടുത്താറില്ല.

| | |
|---|---|
| (ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് പെൻ നമ്പർ ഇല്ലാതെ ഐ.ഡി.കാർഡ് നൽകിയതു മൂലം ശമ്പളവും മറ്റ് അലവൻസുകളും ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് മന്ത്രിമാരുടെ സ്റ്റാഫിന് നൽകിയതു പോലുള്ള ഐഡന്റിറ്റി കാർഡ് നൽകുന്നതിന് നിർദ്ദേശം നൽകുമോ ? | (ഡി) പ്രതിപക്ഷ നേതാവിന്റെ പെൻ നമ്പരുള്ള പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് മന്ത്രിമാരുടെ സ്റ്റാഫിന് നൽകിയതു പോലുള്ള സ്മാർട്ട് ഐഡന്റിറ്റി കാർഡ് നൽകുന്ന വിഷയം അപേക്ഷ നൽകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ